# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2604

12.03.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിനാകെ മാതൃകയായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സംബന്ധിച്ച് പൊതു ജനങ്ങൾക്കും രക്ഷിതാക്കൾക്കും അവബോധമുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ നേരിടുന്ന വെല്ലുവിളികളെ നേരിടുന്നതിന് സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും വേണം. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഭരണകർത്താക്കളും ഭരണനിർവ്വഹകരും പൊതു സമൂഹവും ഒരുമിച്ച് ചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ നടപ്പാക്കുന്നത്. സ്കൂളിന്റെ അക്കാദമിക മികവിനായി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പൊതു സമൂഹവും രക്ഷാകർത്താക്കളും ഒരുപോലെ പങ്കുചേരുന്നു. അപ്രകാരം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ പൊതു സമൂഹത്തിന് മുമ്പിൽ സമർപ്പിച്ച് ചർച്ച ചെയ്ത ശേഷമാണ് അന്തിമമാകുന്നത്. പ്രസ്തുത രേഖക്കനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഘട്ടത്തിലും സമൂഹത്തിന്റെ പങ്കാളിത്തം എല്ലാ തലത്തിലും ഉറപ്പാക്കുന്നു. |

അതോടൊപ്പം രക്ഷാകർത്തൃ പരിശീലനവും, കുട്ടികളുടെ മികവുകൾ രക്ഷാകർത്താക്കളുമായും പൊതു സമൂഹവുമായും പങ്കുവെയ്ക്കാൻ സർഗ്ഗോത്സവം പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

കൂടാതെ വിദ്യാലയത്തെ ഒറ്റ യൂണിറ്റായി കണ്ട് അവിടെ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളുടെ (എൽ.പി/യു.പി./ എച്ച്.എസ്./എച്ച്.എസ്.എസ്. /വി. എച്ച്.എസ്.എസ്.) കൂട്ടായ ആലോചനകളുടെയും വിഭവ പങ്കാളിത്തത്തോടെയും മാത്രമേ ജനകീയ വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കാൻ കഴിയൂ. ഇതിനാവശ്യമായ പശ്ചാത്തലം ഒരുക്കാൻ സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന എസ്.എം.സി./പി.ടി.എ മുതൽ ക്ലാസ് പി.ടി.എ. വരെയുള്ള സംവിധാനങ്ങളുടെ ഏകോപിതമായ പ്രവർത്തനം അനിവാര്യമാണ്. ക്ലാസ് പി.ടി.എ, വിദ്യാലയ വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവയുടെ പരിപൂർണ്ണ സഹകരണം, വിവിധ മേഖലകളിൽ പ്രഗത്ഭരായ കർഷകർ, തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ തുടങ്ങി സമൂഹത്തിലെ എല്ലാ മേഖലയിലെയും വിദഗ്ദ്ധരെ ഈ മേഖലയുമായി ബന്ധിപ്പിക്കും.

(ബി) അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകാരമില്ലാതെ കോഴ്സുകൾ നടത്തുന്നതും വൻ സാമ്പത്തിക ചൂഷണം നടത്തുന്നതും ഇവിടങ്ങളിൽ കുട്ടികൾ നേരിടുന്ന കടുത്ത മാനസിക സമ്മർദ്ദം സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് കൂടുതൽ ചർച്ചകളും സംവാദങ്ങളും മറ്റ് പ്രചരണ

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി നടപ്പിലാക്കുന്നത് ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും വേണ്ടിയാണ്.

| | |
|---|---|
| പരിപാടികളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംബന്ധിച്ച് പൊതു ബോധം ഉണരത്തക്കവിധം മേന്മകൾ ജനങ്ങളിലെത്തിക്കുന്നതിന് സന്നദ്ധസംഘടനകളേയും അദ്ധ്യാപക സംഘടനകളേയും ദൃശ്യമാധ്യമങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ